(സി) ഇത് സംബന്ധിച്ച കേസ്സുകളിൽ എത്ര എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവർ ഏതൊക്കെ തസ്തികകളിൽ ഉള്ളവരാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒന്ന്.

(ബി) ഏഴ് പേർ മരണമടഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് 32 എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ	.. 2
എക്സൈസ് ഇൻസ്പെക്ടർ	.. 1
അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ	.. 1
പ്രിവന്റീവ് ഓഫീസർ	.. 6
എക്സൈസ് ഗാർഡ്	.. 22

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട് 278 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 216 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ക്ഷാമവും വ്യാജവാറ്റും

118 [281] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലകുറഞ്ഞ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് സംസ്ഥാനമാകെ ക്ഷാമം നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം അറിയിക്കുമോ;

(സി) വിലകുറഞ്ഞ മദ്യത്തിന്റെ ക്ഷാമം മൂലം വാറ്റും വ്യാജമദ്യവും പെരുകാനുള്ള സാദ്ധ്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗുരുതരമായ ഈ പ്രതിസന്ധി മറികടക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മദ്യത്തിലെ പ്രധാന ഘടകമായ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോളിന് (ഇ.എൻ.എ.) അടുത്തകാലത്തുണ്ടായ വില വർദ്ധനവും ലഭ്യതക്കുറവുമാണ് ഇതിന് പ്രധാന കാരണം.

(സി) ഉണ്ട്.

(ഡി) റെയിഡുകൾ ഉൾപ്പെടെയുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നതിനു പുറമെ, ഡിസ്റ്റിലറി ഉടമകളുടെ സംഘടന ആവശ്യപ്പെട്ട പ്രകാരം മദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ പുറംരാജ്യങ്ങളിൽ നിന്നും കുറഞ്ഞ ഡ്യൂട്ടിയിൽ ഇറക്കുമതി ചെയ്യുന്നതിന് എതിർപ്പില്ല എന്ന് ഇന്ത്യാ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

ബാറുകളുടെ സ്ലാബ് സംവിധാനം

119 [282] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് എത്ര വീതമാണെന്നും ഇവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ചവ എത്ര എന്നും വെളിപ്പെടുത്തുമോ;

(ബി) ബാറുകൾക്ക് സ്ലാബ് സംവിധാനം ഏർപ്പെടുത്തിയത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ;

(സി) സ്ലാബ് ഏർപ്പെടുത്താനുള്ള തീരുമാനം മാറ്റിയതുമൂലം സർക്കാരിന് എന്ത് നഷ്ടമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തീരുമാനം മാറ്റിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 507 ബാറുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly